# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2921** **15/02/2013 ൽ മറുപടിക്ക്**

## ഐ.ഡി.എം.ഐ. സ്കീം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ.ലതിക: | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ഐ.ഡി.എം.ഐ. സ്കീം പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും എന്തു തുക സംസ്ഥാന സർക്കാരിന് ലഭിച്ചുവെന്നും എന്നാണ് തുക ലഭിച്ചതെന്നും എപ്പോഴാണ് പ്രസ്തുത തുക വിതരണം ചെയ്തതെന്നും വ്യക്തമാക്കുമോ; | എ) ഐ.ഡി.എം.ഐ. സ്കീം പ്രകാരം 2009-10-ൽ 15 ന്യൂന പക്ഷ സ്ഥാപനങ്ങൾക്ക് 3,37,73,000/- രൂപ കേന്ദ്ര സർക്കാരിൽ നിന്ന് അനുവദിച്ചിരുന്നു. ഇതിൽ 5 സ്ഥാപനങ്ങൾക്ക് ജൂൺ 2010 ലും 10 സ്ഥാപനങ്ങൾക്ക് ഡിസംബർ 2010-ലുമാണ് തുക അനുവദിച്ചു വന്നത്. ഈ തുക സെപ്റ്റംബർ 2011 ഓടെ വിതരണം ചെയ്തു. 2011-12 ൽ 126 സ്ക്കൂളുകൾക്കാണ് കേന്ദ്ര ഫണ്ടായ 27,09,27,000 രൂപ അനുവദിച്ചത്. ഇതിൽ 43 സ്ക്കൂളുകൾക്ക് മാർച്ച് 2012 ലുമാണ് തുക അനുവദിച്ചു വന്നത്. ഈ തുക വിതരണം ചെയ്യുവാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| ബി) പ്രസ്തുത സഹായം ന്യൂന പക്ഷ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; | ബി) കേന്ദ്ര ഫണ്ട് വിവിധ സ്ക്കൂളുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള ധാരാളം ഔദ്യോഗിക നടപടിക്രമങ്ങൾ പാലിക്കേണ്ടതായിട്ടുള്ളതുകൊണ്ട് സ്വാഭാവികമായ സമയം മാത്രമേ ഇക്കാര്യത്തിൽ എടുത്തിട്ടുള്ളു. |
| സി) ഗ്രാന്റ്-ഇൻ-എയ്ഡ് കമ്മിറ്റി 2013 വർഷത്തേക്ക് ന്യൂന പക്ഷ സ്ഥാപനങ്ങളെ ഐ.ഡി.എം.ഐ. സ്കീമിലേക്ക് ശുപാർശ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | സി) 2012-13 വർഷത്തിൽ ഐ.ഡി.എം. ഐ സ്കീം പ്രകാരം 434 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും അർഹരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. |
| ഡി) ഉണ്ടെങ്കിൽ, സ്ഥാപനങ്ങളുടെ പേര് വിവരം വ്യക്തമാക്കുമോ? | ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ